## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5487

**2016 നവംബർ 2ാം തീയതി മറുപടി നൽകേണ്ടത്**

### നിലമ്പൂർ മണ്ഡലത്തിലെ പദ്ധതികൾ

| ചോദ്യം<br>ശ്രീ. പി.വി. അൻവർ | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) നിലമ്പൂർ മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ളതും എന്നാൽ ഇതുവരെയായി ആരംഭിക്കാത്തതോ പൂർത്തിയാക്കാത്തതോ ആയ പദ്ധതികളുണ്ടെങ്കിൽ അവ ഏതെന്നും എന്തുകൊണ്ടെന്നും വിശദമാക്കാമോ; | 1. നിലമ്പൂർ തേൻ മ്യൂസിയം ആരംഭിക്കുന്നതിനു വേണ്ടി 2016-17 ബജറ്റ് ഭേദഗതി പത്രികയിൽ ഒരു ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്.<br><br>2. 2016-17 ബജറ്റിൽ എം എൽ എ - എസ്.ഡി.എഫ്-ലേയ്ക്ക് ഒരു കോടി രൂപ 4250-00-800-99 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും എഴുപത്തിയഞ്ച് ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ട്. പദ്ധതികൾക്കായി ശിപാർശ സമർപ്പിക്കുന്നതും ഭരണാനുമതിയും സാങ്കേതികാനുമതിയും പുറപ്പെടുവിക്കുന്നതും ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ്.<br><br>3. 2016-17 സാമ്പത്തിക വർഷം എം എൽ എ-യുടെ ആസ്തിവികസന പദ്ധതിയിൻകീഴിൽ നിലമ്പൂർ മണ്ഡലത്തിലേയ്ക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എം എൽ എ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്കാണ് ധനാനുമതി നൽകുന്നത്. 2016-17 സാമ്പത്തിക വർഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും ഇതുവരെ ഒരു പ്രവൃത്തിയും ശിപാർശ ചെയ്തിട്ടില്ല.<br><br>മറ്റ് പദ്ധതികളെ കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. |

| | |
|---|---|
| ബി) നിലമ്പൂർ മണ്ഡലത്തിൽ നബാർഡ് പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികളിൽ ഇനിയും ആരംഭിക്കാത്തതോ, മുഴുവനാക്കാത്തതോ ആയ പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ? | ഇതു സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. |

Mayusha

**അക്കൗണ്ട്സ് ഓഫീസർ**